# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2013 11.02.2020-ൽ മറുപടിക്ക്

## സംസ്ഥാനത്ത് നടക്കുന്ന നിയമവിരുദ്ധ ലഹരി ഇടപാടുകൾ

| | ചോദ്യം<br><br>ശ്രീ.ടി.ജെ. വിനോദ് | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ബിറ്റ്കോയിൻ അടക്കമുള്ള ക്രിപ്റ്റോ കറൻസിയിൽ പണം നിക്ഷേപിച്ച് നിയമവിരുദ്ധമായി ലഹരി മരുന്ന് ഇറക്കുമതിയും, തീവ്രവാദി ഫണ്ടിങ്ങും വരെ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം നിയമവിരുദ്ധ ഇടപാടുകൾ നിരന്തരം നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും സംസ്ഥാന പോലീസിൽ നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ലഹരി മാഫിയക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സംസ്ഥാനതലത്തിൽ കേരള ആന്റി നാർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (KANSAF), കൂടാതെ പോലീസ് ജില്ലകളിൽ ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും (DANSAF) രൂപീകരിച്ചിട്ടുണ്ട്. കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകളുടെ ഉത്പാദനം, വിതരണം, കടത്തൽ, കച്ചവടം, ഉപയോഗം എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ മുൻകൂട്ടി അറിയാനും ശേഖരിക്കാനും, അത്തരത്തിൽ വിവരങ്ങൾ കണ്ടെത്തിയാൽ മുൻകരുതൽ നടപടികളും കൂടാതെ കർശന നിയമ നടപടികൾ സ്വീകരിക്കാനും |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ടാണ് KANSAF/DANSAF പ്രവർത്തിക്കുന്നത്. ബിറ്റ്കോയിൻ അടക്കമുള്ള ക്രിപ്റ്റോ കറൻസിയിൽ പണം നിക്ഷേപിച്ച് ലഹരി മരുന്ന് ഇറക്കുമതിയും, തീവ്രവാദി ഫണ്ടിംഗ് പോലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ എന്ന് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം ബ്രാഞ്ച്, ലോക്കൽ പോലീസ് തുടങ്ങിയ വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ സൈബർ പട്രോൾ ഓപ്പറേഷൻസ് അടക്കമുള്ള മുൻകരുതൽ നടപടികളും കൂടാതെ രഹസ്യാന്വേഷണവും കുറ്റവാളികളുടെ നിരീക്ഷണവും നടത്തി വരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ അതിൽ ഉൾപ്പെടുന്നവർക്കെതിരെ നിയമാനുസരണം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ബിറ്റ്കോയിൻ ഇടപാടിൽ തട്ടിപ്പിന് ഇരയാകുന്നവർക്ക് എതിരെ കേസെടുക്കുന്നതിനും, ഇത്തരം നിയമവിരുദ്ധ ഇടപാടുകൾ കർശനമായി നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമാനുസരണം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ